# താലൂക്കാശുപത്രി ഒ.പി.വാർഡ് ഉദ്ഘാടനം

നെയ്യാറ്റിൻകര
25..11..2009

നെയ്യാറ്റിൻകര താലൂക്കാശുപത്രിയിൽ പുതുതായി നിർമ്മിച്ച ഒ.പി.ബ്ലോക്ക് ഏറെ സന്തോഷത്തോടെ ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു.

പൊതുജനാരോഗ്യ രംഗത്ത് നഷ്ടപ്പെട്ടുപോയ മേൽക്കൈ വീണ്ടെടുക്കാനുള്ള അശ്രാന്തപരിശ്രമമാണ് കഴിഞ്ഞ മൂന്നരക്കൊല്ലമായി നടക്കുന്നത്. എല്ലാ തലത്തിലുമുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങളെ സുസജ്ജമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം,. ഇന്നുതന്നെ ഈ താലൂക്കിൽ മറ്റ് രണ്ടു ആശുപത്രികളിൽ വികസന പദ്ധതികളുടെ ഉദ്ഘാടനം നടന്നു. പൂവാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒ.പി, ഐ.പി ബ്ലോക്കുകൾ, പുല്ലുവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒ.പി.ബ്ലോക്ക് എന്നിവയുടെ ഉദ്ഘാടനം. ഇന്നു ചേർന്ന മന്ത്രിസഭായോഗം എടുത്ത ഒരു പ്രധാന തീരുമാനം ആലപ്പുഴ ജില്ലാ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 174ൽ നിന്ന് നാനൂറായി വർദ്ധിപ്പിക്കാനാണ്. അതിനായി ഡോക്ടർമാരുടേതടക്കം 41 തസ്തികകളും പുതുതായി സൃഷ്ടിച്ചു. പൊതുജനരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന ഗവർമെണ്ട് നടത്തുന്ന ഊർജ്ജിത ശ്രമത്തിന്റെ ഒരുദാഹരണം മാത്രമാണിവിടെ ചൂണ്ടിക്കാട്ടിയത്.

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ ചർച്ചകളും ആക്ഷേപങ്ങളും വിവാദങ്ങളും പതിവാണ്. എന്നാൽ കഴിഞ്ഞ മൂന്നരക്കൊല്ലത്തിനപ്പുറത്തെ സ്ഥിതി എന്തായിരുന്നു. ചർച്ചക്കും ആക്ഷേപത്തിനും വിവാദത്തിനും വലിയ സ്കോപ്പേ ഉണ്ടായിരുന്നില്ല. കാരണം പൊതുമേഖലയിലുള്ള ആരോഗ്യ പരിപാലന സംവിധാനം ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്നതായിരുന്നു അന്നത്തെ അവസ്ഥ. ഡോക്ടർമാരില്ല, നഴ്സുമാരില്ല, പാരാമെഡിക്കൽ സ്റ്റാഫില്ല, മരുന്നു പേരിനു പോലുമില്ല എന്നതായിരുന്നു അവസ്ഥ. ധർമ്മാശുപത്രികളെ വിട്ട് സ്വകാര്യ ആശുപത്രികളെ മാത്രം ആശ്രയിക്കേണ്ട ഗതികേടിലായിരുന്നു രോഗികൾ. ഇന്ന് ആ അവസ്ഥയ്ക്ക് മാറ്റം വന്നു. സംസ്ഥാനത്തെ 115 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളേയും ദേശീയ നിലവാരത്തിലേക്ക് ഉയർത്തി.

ആയിരത്തിൽ പരം ഡോക്ടർമാരെ നിയമിച്ച് എല്ലാ ആശുപത്രികളിലും ഡോക്ടർമാർ ഉണ്ടെന്ന് ഉറപ്പുവരുത്തി. നഴ്സുമാരുടെ ജോലിസമയം എട്ടു മണിക്കൂറായി കുറച്ച് ആവശ്യത്തിന് നഴ്സുമാരെ നിയമിച്ചു. മെഡിക്കൽ കോളേജാശുപത്രികളിൽ റെസിഡൻസി സമ്പ്രദായം ആരംഭിച്ച് ഡോക്ടർ ക്ഷാമം പൂർണ്ണമായി പരിഹരിച്ചു. ഗ്രാമീണ സർവ്വീസ് നിർബന്ധമാക്കിയതിലൂടെ. ഗ്രാമങ്ങളിൽ പുതുതായി ആയിരം ഡോക്ടർമാരുടെ സേവനം ഉറപ്പാക്കി. എല്ലാ ആശുപത്രികളിലും സൗജന്യ വിതരണത്തിന് മരുന്ന് ലഭ്യമാക്കി. മരുന്നിന് പുറത്തേക്ക് ചീട്ട് കൊടുത്തു വിടുന്ന പരിപാടി ഏറെക്കുറെ ഇല്ലാതാക്കി. ശമ്പളവും മറ്റാനുകൂല്യങ്ങളും പരിമിതമായതിനാൽ മുമ്പ് ഡോക്ടർമാർ സർക്കാർ സർവ്വീസിൽ വരാൻ തയ്യാറായിരുന്നില്ല, വന്നവർ ലീവെടുത്തു പോവുകയായിരുന്നു. ശമ്പളക്കമ്മീഷൻ എന്ന സാങ്കേതികത്വം വിട്ട് ഡോക്ടർമാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ഗണ്യമായി വർദ്ധിപ്പിച്ചതിനാൽ ഡോക്ടർമാർക്ക് ഇന്ന് സർക്കാർ സർവ്വീസ് ആകർഷകമാണെന്ന നില വന്നു. ഇപ്പോഴത്തെ ഗവർമെണ്ട് അധികാരത്തിൽ വരുമ്പോൾ സർക്കാർ സർവ്വീസിൽ നാല്പതു ശതമാനത്തോളം ഡോക്ടർ തസ്തിക ഒഴിഞ്ഞു കിടപ്പായിരുന്നു. ആ ഒഴിവുകളെല്ലാം നികത്താൻ കഴിഞ്ഞു.

ഇങ്ങനെ ജനകീയാരോഗ്യകേന്ദ്രങ്ങളെ മെച്ചപ്പെടുത്തിയ ശേഷമാണ് മെഡിക്കൽ കോളേജാശുപത്രികളെ റഫറൽ ആശുപത്രികളാക്കിയത്. ഇത് ഒരു പുതിയ തീരുമാനമല്ല. ഒന്നരപതിറ്റാണ്ടുമുമ്പ് ആരംഭിച്ച പ്രക്രിയയാണ്. താഴെതലത്തിലുള്ള ആശുപത്രികളെ സുസജ്ജമാക്കിയശേഷമാണ് റഫറൽ സംവിധാനം നടപ്പിലാക്കിയത്. അതുമായി ബന്ധപ്പെട്ട് രോഗികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ സംവിധാനം ഏർപ്പെടുത്തും. ചികിത്സ നിഷേധിക്കാനോ പരിമിതപ്പെടുത്താനോ അല്ല, എല്ലാവർക്കും മെച്ചപ്പെട്ട ചികിത്സലഭ്യമാക്കാനാണ് പുതിയ സംവിധാനം. എല്ലാ ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും സി.ടി.സ്കാൻ ഉൾപ്പടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സംവിധാനം ഏർപ്പെടുത്തും. ഉപകരണങ്ങൾ ഇല്ലാത്തതിനാൽ ലാബുകൾ പ്രവർത്തിക്കാത്ത സാഹചര്യമുണ്ടാകില്ല.

ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ, വേണ്ടത്ര ഡോക്ടർമാരും നഴ്സുമാരും, കിടത്തിചികിത്സക്ക് സംവിധാനം, മരുന്നുകൾ പരമാവധി ലഭ്യമാക്കൽ, അത്യാധുനിക പരിശോധനാ

സംവിധാനങ്ങൾ എന്നിങ്ങനെ എല്ലാ സംവിധാനവും ഒരുക്കി വിവിധ തട്ടുകളിലെ ആശുപത്രികളെ സുസജ്ജമാക്കാനാണ് ശ്രമിക്കുന്നത്. അതിൽ വലിയൊരളവോളം മുന്നോട്ടുപോകുവാനും കഴിഞ്ഞു. മുമ്പ് ഗത്യന്തരമില്ലാതെ ഭൂരിപക്ഷം ആളുകളും കയ്യൊഴിഞ്ഞ സർക്കാർ ആശുപത്രികളിൽ ഇന്ന് തിരക്ക് ഒഴിയുന്നില്ല. സജീവമായതുകൊണ്ടു തന്നെ ആരോഗ്യ പരിപാലന രംഗത്ത് ആക്ഷേപങ്ങളും കൂടി വരുന്നു. കൂടുതൽ സൗകര്യങ്ങൾക്ക് വേണ്ടിയുള്ള അത്തരം ആക്ഷേ പങ്ങളേയും അഭിപ്രായങ്ങളെയും സർക്കാർ മുഖവിലക്ക് തന്നെ സ്വീകരിക്കും. ഇന്നുള്ള പോരായ്മകളെല്ലാം പരിഹരിച്ച് ആതുര ശുശ്രൂഷ മെച്ചപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിന് എല്ലാ വിഭാഗം ആളുകളുടെയും പിന്തുണയും സഹകരണവും വേണം. ഡോക്ടർമാരും നഴ്സുമാരും മറ്റ് ജീവനക്കാരും അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കണം.

നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി പുതിയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി മികവിന്റെ കേന്ദ്രമായി മാറുമെന്ന പ്രത്യാശയോടെ നിർത്തുന്നു.

നന്ദി, നമസ്കാരം.